(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട്സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ.-10/1252/18.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
ഇ-മെയിൽ : doidk.ksad@kerala.gov.in
തീയതി. 12.11.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

സർ

വിഷയം : വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2)എന്നിവ കാണുക).

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഐ.ഡി.കെ.-10/1252/18. തീയതി. 12.11.2018

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ **2017-18**

സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13,**
**1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

*****************************

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന്

വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.07.2017 മുതൽ 22.10.2018 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.10.2018മുതൽ 30.10.2018വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യൂ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജിബി ഇ. വി. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എബി ഏബ്രാഹാം | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. മായാ കൃഷ്ണൻ | ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഷീബ രാജശേഖരൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. സജി തോമസ് | 01.04.2017 മുതൽ 03.05.2017 വരെ |

| | | |
|---|---|---|
| | ശ്രീ. കെ. എസ്. കിഷോർ | 04.05.2017 മുതൽ 07.06.2017 വരെ |
| | ശ്രീ. പി. എം. അബ്ദുൾ സമദ് | 08.06.2017 മുതൽ 31.03.2018 വരെ |
| മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി. അശ്വതി ദേവ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. സുദീപ് എ. എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുധീഷ് എം.പി | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജെറീഷ് | 01.04.2017 മുതൽ 21.07.2017 വരെ |
| | ഡോ. ഗ്ലാഡി എം. വെമ്പിള്ളി | 22.07.2017 മുതൽ 28.11.2017 വരെ |
| | ഡോ. എസ്. രാഹുൽ | 29.11.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ജാനറ്റ് എം. സേവ്യർ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ.( ഇളംദേശം സർക്കിൽ) | ശ്രീമതി. ശരത്ത് സി. എം. | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (വെള്ളിയാമറ്റം സർക്കിൾ) | ശ്രീ. പ്രശോഭ് പി. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ (സി.എച്ച്.സി) | ശ്രീ. മിഥുൻ കെ. എക്സ്. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ഡോ. നിഷ മോൾ എം. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ. ഹേമ തിലക് | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. കെ. വി. ജോസഫ് | 01.04.2017 മുതൽ 19.01.2018 വരെ |
| | ശ്രീമതി. മേരി തോമസ് | 20.01.2018മുതൽ31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക | പരാമർശ വിഷയം |
|---|---|---|
| | | ഭാഗം – 1 (പൊതുഅവലോകനം) |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്ക് സംബന്ധിച്ച അപാകതകൾ |
| | | ഭാഗം – 2 (വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) |
| 13 | 2-1 | ഓഡിറ്റ് ഇംപാക്ട് |
| 14 | 2-2 | സാംഖ്യ രസീത് കൗണ്ടർ ഫോയിൽ സൂക്ഷിച്ചിട്ടില്ല |
| 15 | 2-3 | വെറ്ററിനറി സർജൻ രസീത് ബുക്ക് ഉപയോഗിക്കുന്നതിലെ അപാകതകൾ |
| 16 | 2-4 | വാടക, ലേലം തുകകൾ ഈടാക്കിയതിലെ അപാകതകൾ |
| 17 | 2-5 | വസ്തുനികുതി ഈടാക്കാനവശേഷിക്കുന്നു |
| | | ഭാഗം – 3 (ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) |
| 18 | 3-1 | പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ വാങ്ങൽ - ടെണ്ടർ നടപടിക്രമങ്ങളിൽ ക്രമക്കേട് |
| 19 | 3-2 | എൽ. ഇ. ഡി. മിനിമാസ്റ്റ് സ്ഥാപിക്കൽ - ടെണ്ടർ നടപടിക്രങ്ങളിൽ അപാകത |
| 20 | 3-3 | ലോക പരിസ്ഥിതി ദിനാചരണം – മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക തുക ചെലവഴിച്ചു - ₹7,525/- നിരാകരണം |

| | | |
|---|---|---|
| 21 | 3-4 | ആശ്രയ പദ്ധതി - ഭൂമി കൈമാറ്റരഹിത കരാർ രജിസ്റ്റർ ചെയ്തിട്ടില്ല - ചെലവ് തടസ്സം ₹225,000/- |
| 22 | 3-5 | കമ്മ്യൂണിറ്റി ഹാളുകൾക്ക് കസേര വാങ്ങിയത് സംബന്ധിച്ച് - |
| 23 | 3-6 | പ്രിന്റിംഗ് ചാർജ് – ടെണ്ടർ ക്ഷണിച്ചില്ല |
| 24 | 3-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് - പദ്ധതി ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും തുക നൽകിയത് തിരിച്ചടച്ചില്ല |
| 25 | 3-8 | ടിഷ്യൂകൾച്ചർ വാഴതൈ വിതരണം അപാകതകൾ |
| 26 | 3-9 | മുട്ടഗ്രാമം പദ്ധതി - വിവിധ അപാകതകൾ |
| 27 | 3-10 | ആശ്രയ അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു |
| 28 | 3-11 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ – പദ്ധതി നടപ്പിലാക്കിയില്ല |
| 29 | 3-12 | മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് |
| 30 | 3-13 | തൊഴിലുറപ്പ് പദ്ധതി |
| 31 | 3-14 | വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച് |
| 32 | 3-15 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 33 | 3-16 | മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല |
| 34 | 3-17 | പാടശേഖരങ്ങളിൽ യന്ത്രവത്കരണം (ടില്ലറും കൊയ്ത്ത് യന്ത്രവും) പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| | | ഭാഗം – 4 (പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും) |
| 35 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 36 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 37 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 38 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 39 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 40 | 4-6 | ഓഡിറ്റ് റിക്കവറി |
| 41 | 4-7 | ചാർജ്ജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക |
| 42 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ |
| 43 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |

| | | |
|---|---|---|
| 44 | 4-10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 45 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 46 | അനുബന്ധം-2 | റസിപ്റ്റ് ആന്റ് പേമെന്റ് |
| | | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ |
| | | ബാലൻസ് ഷീറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 24.03.2017ലെ 1-ാം തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 02.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

1994 കേരളാ പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് പ്രകാരം സർക്കാർ അതതുസമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരം വികസന സമിതി പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് തനത് വിഷയങ്ങൾ കൈ ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് ഓരോ വർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറി, വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സർപ്പിക്കേണ്ടതാണ് (ഉപവകുപ്പ് 1). ടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ് (ഉപവകുപ്പ് 1 (എ)(1)). എന്നാൽ കമ്മറ്റി ഇപ്രകാരം ചെയ്തിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.05.2018 | 11.05.2018 | | |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

കെ.എസ്.എ.-ഐ.ഡി.കെ.-10/677(41)/2018/തീ.29.08.2018 പ്രകാരം വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹2,45,82,047 |
| വരവ് | ₹7,21,22,714 |
| ആകെ | ₹9,67,04,761 |
| ചെലവ് | ₹8,14,68,897 |
| നീക്കിയിരിപ്പ് | ₹1,52,35,864 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം(ACRപ്രകാരം) | | 0 | 13268000 | 13268000 | 12029850 | 1238150 |
| വികസനഫണ്ട്–എസ്.സി.പി.(ACR പ്രകാരം) | | 0 | 2324580 | 2324580 | 1940350 | 384230 |
| വികസനഫണ്ട്– ടി.എസ്.പി.(ACR പ്രകാരം) | | 0 | 17425889 | 17425889 | 16588092 | 837797 |
| സംരക്ഷണഗ്രാന്റ് – റോഡ്(ACR പ്രകാരം) | | 0 | 4333166 | 4333166 | 4143092 | 190074 |
| സംരക്ഷണഗ്രാന്റ്-നോൺ റോഡ്(ACRപ്രകാരം) | | 0 | 3062692 | 3062692 | 2953966 | 108726 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6231065 | 6231065 | 6228752 | 2313 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1368353 | 1368353 | 1311639 | 56714 |
| സാക്ഷരത | | 429 | 14 | 443 | 0 | 443 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി .എൻ. ആർ.ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 15054536 | 15054536 | 15054536 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3710 | 1631623 | 1635333 | 1627326 | 8007 |
| <u>കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ( ഇനം തിരിച്ച്)</u> | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്. | | 1360732 | 980008 | 2340740 | 814023 | 1526717 |
| എസ്.എസ്.എ. | | 0 | 0 | 0 | 0 | 0 |
| _സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്)_ | | | | | | |
| ശുചിത്വ മിഷൻ | | 0 | 140242 | 140242 | 115242 | 250000 |
| കോർപ്പസ് ഫണ്ട് | | 300000 | 3750000 | 4050000 | 0 | 4050000 |
| വെസ്റ്റേൺ ഗാട്ട് | | 10976 | 366 | 11342 | 0 | 11342 |
| രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി | | 54060 | 11820 | 65880 | 54060 | 11820 |
| കലുങ്ക് നിർമ്മാണ പദ്ധതി എസ്. റ്റി. | | 2300000 | 2150000 | 4450000 | 0 | 4450000 |
| ജലനിധി | | 1944455 | 3508509 | 5452964 | 4074898 | 1378066 |
| ജോയിൻറ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 110788 | 580000 | 690788 | 100000 | 590788 |
| | ജില്ലാപഞ്ചായത്ത് | 71261 | 300000 | 371261 | 300000 | 71261 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 7841000 | 7841000 | 7841000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് എൽ.ബി-1 | 4918546 | 727853 | 5646399 | 2414751 | 5431648 |
| ബാങ്ക് അക്കൗണ്ട് എസ്.ഇ.ബി. | | 2412213 | 5470735 | 7882948 | 6111150 | 1771798 |
| ബാങ്ക് അക്കൗണ്ട് റ്റി.എസ്.ബി. | | 9986590 | 6647177 | 16633767 | 15331310 | 1302457 |
| എസ്.സി.ബി. ഇ-പേമെന്റ് അക്കൌണ്ട് | | - | 29864 | 29864 | - | 29864 |
| _മറ്റിനം_ | | | | | | |
| ഗുണഭോക്തൃ വിഹിതം | | 221438 | 394802 | 616240 | 394802 | 221438 |
| വിമുക്തി | | 25000 | 12500 | 37500 | 34260 | 3240 |
| കേരളോൽസവം | | 0 | 20000 | 20000 | 20000 | 0 |

29.03.2018ൽ ട്രഷറി റ്റി.എസ്.ബി. അക്കൌണ്ട്, ജോയിന്റ് വെഞ്ചർ അക്കൌണ്ട് എന്നിവയിൽ നിന്ന് ₹1,52,29,024/- സർക്കാർ തിരിച്ചെടുക്കുകയും 07.04.2018ൽ തിരികെ നൽകുകയും ചെയ്തു. ഈ സാഹചര്യത്തിൽ ട്രഷറി റ്റി.എസ്.ബി. അക്കൌണ്ട്, ജോയിന്റ് വെഞ്ചർ അക്കൌണ്ടുകൾ വാർഷിക കണക്കുകളിലെ 40(ബി) ആയി പൊരുത്തപ്പെടുത്താനാവില്ല.

## 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അംഗീകാരം ലഭിച്ചത് ₹ | നടപ്പ് തീയതി | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 91187744 | 136 | 47686343 | 41 | 18 | 69.74 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3710 | 1631623 | 1635333 | 1627326 | 8007 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15054536 | 15054536 | 15054536 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 55500 | 92 |
| കർഷക തൊഴിലാളി പെൻഷൻ | 1913200 | 628 |
| വിധവാപെൻഷൻ | 6920800 | 2207 |
| വാർദ്ധക്യകാല പെൻഷൻ | 21174200 | 5990 |
| വികലാംഗ പെൻഷൻ | 3056600 | 969 |
| അവിവാഹിതർക്കുള്ള പെൻഷൻ | 507500 | 157 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,565/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൌണ്ടിംഗ് സിസ്റ്റം-അപാകതകളോടുകൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-12ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നത് വേണ്ടത്ര ശ്രദ്ധചെലുത്തുന്നുണ്ട്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. പൊതു ടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്ത് വാഹനങ്ങളുടെ ഇന്ധന ക്ഷമതാ സർട്ടിഫിക്കററ് സൂക്ഷിക്കുകയോ ലോഗ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് വാങ്ങുന്ന സാധനസാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും ആർക്കാണ്/എവിടേയ്ക്കാണ് കൊടുക്കുന്നത് എന്ന വിവരങ്ങൾ നിർബന്ധമായും ചേർക്കേണ്ടതാണ്. 2017-18ൽ വാങ്ങിയ പല സാധനങ്ങളും സ്റ്റോക്കിൽ ചേർക്കുകയോ ആർക്കാണ് ഇഷ്യൂ ചെയ്തത് എന്നോ ഉള്ള വിവരങ്ങൾ ചേർത്തിട്ടില്ല. ചില സാധനങ്ങളുടെ കടയിൽ നിന്നും ലഭിച്ച ബില്ലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഒട്ടിച്ചുവെച്ചിരിക്കുന്നു. (ഉദാ - 1) റബ്ബർ മാറ്റുകൾ, മോഡം, ട്യൂബ് ലൈറ്റുകൾ, ബൾബുകൾ, LED ടി. വി. സ്റ്റാൻഡ്, മൌസ് തുടങ്ങിയവ സ്റ്റോക്കിൽ ചേർത്തിട്ടില്ല. സ്റ്റീൽ പാത്രങ്ങൾ, മറ്റ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയതിന്റെ ബില്ല് സ്റ്റോക്ക് രജിസ്റ്ററിൽ ഒട്ടിച്ചിരിക്കുന്നു.

സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ലാത്ത സാധനങ്ങൾ സ്ഥാപനത്തിൽ നിന്നും നഷ്ടപ്പെടുകയോ, മോഷണം പോകുകയോ ചെയ്താൽ ഉടൻ തന്നെ സാധനങ്ങൾ പകരം വാങ്ങി ഫണ്ട് തുക ദുർവിനിയോഗം ചെയ്യുന്ന രീതിക്ക് സാദ്ധ്യതയുണ്ട്. ആഭ്യന്തര നിയന്ത്രണത്തിലെ പരാജയമാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

15 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.09.2018, 25.09.2018 | 8/18 | 26.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.03.2007 മുതൽ 30.03.2007 വരെ | 2003-04 | 28.06.2007 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) വസ്തുനികുതി രജിസ്റ്റർ പ്രകാരമുള്ള വരവ് ,കുടിശ്ശിക തുക എന്നിവ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

| 2017-18ലെ വാർഷിക കണക്കുപ്രകാരമുള്ള തുക (AFS 1-1 ഷെഡ്യൂൾ) | സഞ്ചയ പ്രകാരമുള്ള തുക ₹ | | | |
|---|---|---|---|---|
| ഇനം | AFSഡിമാന്റ് | രജിസ്റ്റർ ഡിമാന്റ് | ബാലൻസ് (AFS B1-15 ഷെഡ്യൂൾ) | ബാലൻസ് (സഞ്ചയ) |
| property tax non residential building | 774975 | 778438 | - | - |
| Recevable property tax on residential residential building(current) | 1030088 RP(43)പ്രകാരം | 962376 | 12890 | 33997 |
| property tax Non- residential building (Current) | 634742 RP(43)പ്രകാരം | 705878 | 40482 | 42003 |
| Recevable for property tax residential building (Arrear) | 521448 | 521607 | 104557 | 75024 |
| Recevable for property tax on Non residential building (Arrear) | 115242 | 122597 | 35584 | 33916 |

| | |
|---|---|
| 2) | എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ (Head of A/c 310900101), ഷെഡ്യൂൾ ബി-1പ്രകാരമുള്ള നീക്കിയിരിപ്പ് ₹77,66,152.65ഉം 17-18ൽ ട്രയൽ ബാലൻസ് പ്രകാരം തുക ₹1,22,78,265.65ഉം ആണ്. |
| 3) | ഇൻകംആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരുമാനത്തിൽ നിന്നും ചെലവ് കുറച്ച് മിച്ചം/കമ്മി ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയിൽ നിന്നും prior period ഇനങ്ങൾ ക്രമീകരിച്ചതിനു ശേഷമുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഷെഡ്യൂൾ ബി-1 പ്രകാരം ക്രമീകരിച്ചിട്ടില്ല. |

| | |
|---|---|
| 4) | തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകംആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ (I-16) തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. |
| 5) | ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓരോ ഇനത്തിലുമുള്ള ഡെപ്പോസിറ്റിന്റെ വിശദാംശം ലഭ്യമല്ല. |
| 6) | ആസ്തി രജിസ്റ്റർ പൂർത്തിയാക്കിപരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 7) | ക്ലോസിംഗ് സ്റ്റോക്കിന്റെ ബാലൻസ് മൂല്യംനിർണ്ണയിച്ചിട്ടില്ല. |

1.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഓഡിറ്റ് ഇംപാക്ട്

കമ്മ്യൂണിറ്റി ഹാൾ വാടക ഈടാക്കി

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മേത്തൊട്ടി കമ്മ്യൂണിറ്റി ഹാൾ പരമേശ്വരൻ, പൂങ്ങാട്ട്, എന്നയാൾക്ക് വിവാഹാവശ്യത്തിന് 12-07-2017ന് ₹500/-ന് വാടകയ്ക്ക് നൽകിയെങ്കിലും വാടക ഈടാക്കിയതായി കാണുന്നില്ല എന്ന് സൂചിപ്പിച്ച് കൊണ്ട് ഓഡിറ്റ് അന്വേഷണം 10 നൽകിയിരുന്നു. അതിൻ പ്രകാരം ടിയാൾ 29/10/2018ലെ രസീത് നമ്പർ 118010100990 പ്രകാരം അടവാക്കി രസീത് ഹാജരാക്കിയിട്ടുണ്ട്.

## 2-2 സാംഖ്യരസീത് കൗണ്ടർ ഫോയിൽ സൂക്ഷിച്ചിട്ടില്ല

സാംഖ്യ രസീത് സ്റ്റേഷനറി കൗണ്ടർ ഫോയിൽ നം.5579942 ശേഷം നം.5579944 ആണ് സൂക്ഷിച്ചിട്ടുള്ളതായി കാണുന്നത്. ഇതിനിടയിലുള്ള കൗണ്ടർ ഫോയിൽ നം. 5579943 ലഭ്യമാക്കിയില്ല. രസീത് ലഭ്യമാക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ടി രസീത് ബൈൻഡിങ്ങ് സമയത്ത് നഷ്ടപ്പെട്ടതായിരിക്കാം എന്നും തുകയായ ₹378/- രസീത് നം. 117010101180/01.12.2018 പ്രകാരം വരവ് വെച്ച് അന്നേ ദിവസം തനത് ഫണ്ട് അക്കൗണ്ട് വെള്ളിയാമറ്റം സർവീസ് സഹകരണ ബാങ്കിൽ ക്യാഷ് രസീത് നം. 2069 തീയതി 01.12.2018 പ്രകാരം ഒടുക്കിയിട്ടുണ്ടെന്നും അറിയിച്ചു. ടി വിവരങ്ങൾ അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഭാവിയിൽ ഇത്തരം ഗുരുതരമായ കൃത്യവിലോപം ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 വെറ്ററിനറി സർജൻ, രസീത് ബുക്ക് ഉപയോഗിക്കുന്നതിലെ അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മുട്ട ഗ്രാമം പദ്ധതികളിൽ, (ജനറൽ & ടി.എസ്.പി.) ഗുണഭോക്തൃ വിഹിതം പിരിച്ച രസീത് ബുക്കുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. CANCELLED എന്ന് രേഖപ്പെടുത്തിയ രസീതിന്റെ (നം. 4394/27) കോപ്പിയിൽ CANCELLED എന്നു കാണുന്നില്ല. ഇത് സംബന്ധിച്ച എൻക്വയറിക്ക് (നം. 12) മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് നൽകുന്ന രസീതിന്റെ കോപ്പിയിൽ തീയതി രേഖപ്പെടുത്തിയതായും കാണുന്നില്ല. എന്നാൽ ഒറിജിനൽ രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടുണ്ട്. കാർബൺ പേപ്പർ ഉപയോഗിച്ച് രസീത് ബുക്കുകളിൽ ഗുണഭോക്താക്കളുടെ പേര് വിവരങ്ങളും തുകയും രേഖപ്പെടുത്തുമ്പോൾ തീയതി മാത്രം

ഡ്യൂപ്ലിക്കേറ്റ് കോപ്പിയിൽ കാണുന്നില്ല. ചില രസീതുകളിൽ (രസീത് നം 4394/85, 86) നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. മറ്റ് ചിലതിൽ ഒറിജിനൽ രസീതിൽ ഗുണഭോക്താവിന്റെ പൂർണ്ണമായ പേര് രേഖപ്പെടുത്തിയിട്ടുണ്ട് (രസീത് നം. 4394/8), എന്നാൽ കോപ്പിയിൽ പേര് അപൂർണ്ണമാണ്. മേൽ അപാകതകൾക്ക് നല്കിയ എൻക്വയറിക്ക് (നം. 18) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 വാടക, ലേലം തുകകൾ ഈടാക്കിയതിലെ അപാകതകൾ

2017-18 വർഷം വാടക ഈടാക്കിയതിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണാൻ കഴിഞ്ഞു.

1. വാടക – കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചില്ല.

പന്നിമറ്റം കുടുംബശ്രീ ഓഫീസിനോട് ചേർന്നുള്ള റൂം നം. 4/558-D, 2018 ഫിബ്രുവരി മാസത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് എവർഷൈൻ പരിശീലന കേന്ദ്രത്തിന് ₹1,600/- പ്രതിമാസ വാടക നിരക്കിൽ 2018-19ലേക്ക് നൽകിയതായി കാണുന്നു. എന്നാൽ ക്വട്ടേഷൻ തീയതിയായി 11.01.2018ൽ തന്നെ ടി തയ്യൽ യൂണിറ്റ് ₹2,000/-, ₹1,600/- എന്നിങ്ങനെ രണ്ട് വ്യത്യസ്ത നിരക്കിലുള്ള ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കാതെ, 20-01-2018ലെ 3/3 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ച് പ്രതിമാസം ₹1,200/-യ്ക്കാണ് വാടകയ്ക്ക് നൽകി കരാർ ചമച്ചിട്ടുള്ളത്. ടി അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 13ന് നൽകിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ഫിബ്രുവരി, മാർച്ച് മാസങ്ങളിൽ ഈടാക്കാൻ അവശേഷിക്കുന്ന ബാക്കി തുകയായ ₹800/- [(1600-1200)x2] അടവാക്കി വിവരമറിയിക്കേണ്ടതാണ്. ടിയാൾ തന്നെ ഈ മുറി കൈവശം വച്ചിരിക്കുന്നതിനാൽ നഷ്ടം തുടർന്നു വരികയാണ്. നഷ്ടം നികത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മുൻ വർഷത്തിലുൾപ്പടെ കെട്ടിട വാടകയിനത്തിൽ ₹11,602/- ഈടാക്കാനവശേഷിക്കുന്നതായി കാണുന്നു. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. പഞ്ചായത്തിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള അവകാശം ലേലം കൊണ്ട വകയിൽ ഷാഹുൽ ഹമീദ്, പള്ളത്തുപറമ്പിൽ, തൊടുപുഴ എന്നയാൾ ലേലത്തുകയായ ₹10,050/-യിൽ ₹2,850/- അടവാക്കാനവശേഷിക്കുന്നു എന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 13ന് മറുപടിയായി ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം പരസ്യ നികുതി ഈടാക്കാൻ സാധിയ്ക്കാത്തതിനാലാണ് ബാക്കി തുക ഈടാക്കാത്തതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ജി.എസ്.ടി. ഉത്തരവ് നിലവിൽ വരുന്നതിന് മുൻപ് ലേലം കൊണ്ടതിനാൽ ലേല തുക മുഴുവനായി ഈടാക്കേണ്ടതാണ്. അവശേഷിക്കുന്ന ലേലത്തുക അടിയന്തിരമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി ഈടാക്കാനവശേഷിക്കുന്നു

2016-17 വർഷത്തെ വസ്തുനികുതി ഇനത്തിൽ (സാംഖ്യ പ്രകാരം)താഴെ സൂചിപ്പിക്കും പ്രകാരം കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.

| | |
|---|---|
| പാർപ്പിടാവശ്യത്തിനുള്ളത് (തൻവർഷം) | 12,890 |
| പാർപ്പിടാവശ്യത്തിനുള്ളത്(കുടിശ്ശിക) | ₹1,04,557 |

| | |
|---|---|
| പാർപ്പിടേതര ആവശ്യത്തിനുള്ളത്(തൻവർഷം) | ₹40,482 |
| പാർപ്പിടേതര ആവശ്യത്തിനുള്ളത്(കുടിശ്ശിക) | ₹35,584 |

ഈടാക്കാനവശേഷിക്കുന്ന വസ്തുനികുതി കാലഹരണപ്പെടാതെ ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ വാങ്ങൽ- ടെണ്ടർ നടപടിക്രമങ്ങളിൽ അപാകത

| | |
|---|---|
| പ്രോജക്റ്റ് | S0156/18, പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹3,80,000/- (വികസന ഫണ്ട്) |
| ബിൽ നമ്പർ/തീയതി | 45/17-18 തീയതി. 26.03.2018 ₹ 3,76,091/- |
| കരാറുകാരൻ | ശ്രീ. കെ. റ്റി. ഷാജി |
| അളവ് ബുക്ക് നമ്പർ | 12/17-18 |

സെക്രട്ടറി നിർവ്വഹണം നടത്തിയ S0156/18, പഞ്ചായത്ത് ഓഫീസിന് ജനറേറ്റർ വാങ്ങൽ എന്ന പദ്ധതിയിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് അനുമതി വാങ്ങി ജനറേറ്റർ വാങ്ങുന്നതിനും പ്ലാറ്റ്ഫോം ഉൾപ്പെടെയുള്ള ഭൌതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

സ്ഥാപനത്തിന്റെ ആവശ്യത്തെക്കുറിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനെക്കൊണ്ട് പഠനം നടത്താതെ പദ്ധതി ഏറ്റെടുത്തതിനാൽ ആദ്യം₹4,00,000/- അടങ്കലിൽ 20 കെ. വി. ജനറേറ്റർ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഇതിൽ ലഭിച്ച ടെണ്ടറുകൾ പരിശോധിക്കാതെ റീ ടെണ്ടർ ചെയ്താണ് ജനറേറ്റർ വാങ്ങിയിരിക്കുന്നത്. സമീപസ്ഥരായ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ലഭിക്കുന്നതിന് വേണ്ടിയും ബ്രാന്റഡ് ഇനം കുറഞ്ഞവിലയ്ക്ക് ലഭ്യമാകും എന്ന അഭിപ്രായത്തിലുമാണ് യാതൊരു വസ്തുതകളുടെയും പിൻബലമില്ലാതെ ടെണ്ടർ റദ്ദ് ചെയ്ത് റീടെണ്ടർ നടത്തിയത്.

ആദ്യ ടെണ്ടറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ടെണ്ടർ ലഭിച്ച തീയതി | സ്ഥാപനം | തുക ₹ | ഇനം |
|---|---|---|---|
| 29.08.2017 | Pearls Technologies, Ernakulam | 410500 | Nil- |

| | | | |
|---|---|---|---|
| 29.08.2017 | Onyxa Incorporates, Ernakulam | 399800 | Layland |
| 29.08.2017 | Horrizon, Alapuzha | 393618 | Layland |

തുടർന്ന് ₹385000/- അടങ്കൽ നിശ്ചയിച്ച് 15 കെ.വി. ജനറേറ്റർ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് 12.10.2017 ൽ നടത്തിയ റീ ടെണ്ടറിൽ താഴെ പറുയം പ്രകാരം മൂന്ന് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു.

| ക്രമ നം. | ടെണ്ടർ സമർപ്പിച്ച തീയതി | സ്ഥാപനം | നിരക്ക് | ബ്രാന്റ് വിവരം |
|---|---|---|---|---|
| 1 | 03.11.2017 | കെ.വി. സ്കറിയ, കൊച്ചുകടിയിൽ, ഇ.മാറാടി, മൂവാറ്റുപുഴ | 0.9% below | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 03.11.2017 | പവർ ബെസ്റ്റ് എൻജിനീയറിംഗ്, കൊച്ചി | ₹358000/- | അശോക് ലെയിലാന്റ് |
| 3 | 03.11.2017 | കെ.റ്റി.ഷാജി, കുന്നേൽ, കോടിക്കുളം | 1% below (ടെണ്ടറിൽ എസ്റ്റിമേറ്റ് തുക ₹400000/- എന്ന് രേഖപ്പെടുത്തിയിട്ടാണ് നിരക്ക് ഉൾപ്പെടുത്തിയിരിക്കുന്നത്.) | രേഖപ്പെടുത്തിയിട്ടില്ല |

മേൽ സൂചിപ്പിച്ച രണ്ട് സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ജനറേറ്ററിന്റെ ബ്രാന്റ് പോലും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ശ്രീ. കെ. റ്റി. ഷാജിയുടെ ടെണ്ടറിൽ ₹4,00,000/- രൂപയുടെ 1% below എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (അതായത് ₹3,96,000/-). ലഭിച്ചിരിക്കുന്ന ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്കായ ₹3,58,000/- രേഖപ്പെടുത്തിയ ക്രമ നം. 2 പ്രകാരമുള്ള ടെണ്ടറാണ് അംഗീകരിക്കേണ്ടത് എന്നിരിക്കെ ശ്രീ. കെ. റ്റി. ഷാജിയുടെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു.

എന്നാൽ ടി സ്ഥാപനം ജനറേറ്റർ ഇൻസ്റ്റലേഷൻ നടത്തുന്നതല്ലയെന്ന് ഫോൺമുഖാന്തരം സെക്രട്ടറിയെ അറിയിച്ചതിനാലാണ് ടെണ്ടർ അംഗീകരിക്കാത്തതെന്ന് സെക്രട്ടറി വിശദീകരണം നൽകിയിട്ടുണ്ട്. ഈ വിശദീകരണം അംഗീകരിക്കുവാൻ കഴിയുന്നതല്ല. കാരണം ടെണ്ടറിൽ സ്ഥാപനം കൃത്യമായി supply, irrection, installation, testing, commissioning, approval from electrical inspectorate including all work for 15 k.v. lyland make generator set with all accessories as per cpcb norms രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടെണ്ടറിനോടൊപ്പം scope of work എന്നതിൽ ഇക്കാര്യങ്ങളെല്ലാം ഉൾപ്പെടുന്നതാണെന്ന്

കാണിച്ച് പ്രത്യേകമായ ഒരു കത്തും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ ടെലഫോൺ മഖാന്തരം നടത്തിയ അന്വേഷണത്തിൽ പ്രസ്തുത സ്ഥാപനം ടെണ്ടർ തുറന്ന അവസരത്തിൽ പങ്കെടുത്തിരുന്നില്ലയെന്നും ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള തുകയാണ് രേഖപ്പെടുത്തിയിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. റീ ടെണ്ടർ നടപടി ക്രമങ്ങളിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

- സമീപസ്ഥരായ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ലഭിക്കണമെന്ന കാരണത്താൽ ടെണ്ടർ റദ്ദ് ചെയ്ത് റീടെണ്ടർ നടത്തുന്നതിന് ഭരണസമിതി തീരുമാനിച്ചു.
- റീ-ടെണ്ടറിൽ നടപടിക്രമങ്ങൾ പാലിക്കാതെ കൂടിയ തുക രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചിരിക്കുന്നു.
- വാങ്ങിയ ജനറേറ്ററിന് ഒറിജിനൽ ബിൽ, ഗ്യാരണ്ടി കാർഡ് എന്നിവ ഇല്ല.

ശ്രീ. കെ. റ്റി. ഷാജിയുടെ ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കായി ₹4,00,000/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ടെണ്ടർ നോട്ടീസിൽ അടങ്കൽ തുകയായി ₹3,85,000/- മാത്രമായിരുന്നു രേഖപ്പെടുത്തിയിരുന്നത്. എന്നിട്ടും 1% below എന്ന് രേഖപ്പെടുത്തിയ ടെണ്ടർ എങ്ങനെ അംഗീകരിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമല്ല. ആദ്യ ടെണ്ടറിന്റെ അടങ്കൽ തുക ₹4,00,000/- ആയിരുന്നു എന്നതും ഇവിടെ ശ്രദ്ധേയമാണ്. സമീപസ്ഥരായ സ്ഥാപനങ്ങളിൽ നിന്നുകൂടി ടെണ്ടർ ലഭ്യമാകുമോയെന്ന പരിശോധിക്കുന്നതിനായി ആദ്യ ടെണ്ടർ റദ്ദ് ചെയ്യുകയും റീ ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ വസ്തുതാ വിരുദ്ധമായ ചില കാര്യങ്ങൾ ചൂണ്ടിക്കാട്ടി ഒഴിവാക്കി 16.11.2017ലെ പഞ്ചായത്ത് കമ്മിറ്റിയുടെ1(3) നമ്പർ തീരുമാനപ്രകാരം സമീപത്തുള്ള ശ്രീ. കെ. റ്റി. ഷാജിക്ക് ടെണ്ടർ നൽകിയിരിക്കുന്നത് മുൻകൂട്ടി നിശ്ചയിച്ചത് പ്രകാരമാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. 2017-18 വർഷം പഞ്ചായത്ത് നടപ്പാക്കിയ വൈദ്യുതീകരണ പദ്ധതികളായ പഞ്ചായത്ത് ഓഫീസ് വയറിംഗ് പുനരുദ്ധാരണം, കുവക്കണ്ടം കമ്മ്യൂണിറ്റിഹാൾ റൂം വയറിംഗ്, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് റൂം വയറിംഗ് തുടങ്ങിയ പ്രവൃത്തികളിലെല്ലാം ടെണ്ടർ ലഭിച്ചിരിക്കുന്നത് ഇതേ കെ. റ്റി. ഷാജിക്കാണ് എന്നതും ശ്രദ്ധേയമാണ്.

പ്രവൃത്തിക്ക് മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബിൽ പ്രകാരം ജനറേറ്ററിന്റെ വിലയായി ₹3,61,486/- നൽകിയിട്ടുണ്ട്. എന്നാൽ ജനറേറ്റർ വാങ്ങിയതിന്റെ ബില്ല്, ഗ്യാരണ്ടി കാർഡ് എന്നിവ ഹാജരാക്കിയിട്ടില്ല. ജനറേറ്ററിന്റെ ബ്രാന്റ്, യഥാർത്ഥ വില, മറ്റ് സ്പെസിഫിക്കേഷനുകൾ എന്നിവ ഉറപ്പ് വരുത്താതെയും ഏത് സ്ഥാപനത്തിൽ നിന്ന് വാങ്ങിയതെന്നുപോലും ഉറപ്പ് വരുത്താതെയുമാണ് ജനറേറ്ററിന്റെ വില നൽകിയിരിക്കുന്നത്. വിലയായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ തുക കരാറുകാരന് നൽകിയിരിക്കുന്നു. പഞ്ചായത്തിന്റെ ആസ്തിയായ ഉപകരണത്തിന്റെ സ്പെസിഫിക്കേഷനുകൾ, വില എന്നിവ രേഖപ്പെടുത്താതെ ജനറേറ്റർ എന്ന് മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

വാങ്ങിയ ഉപകരണത്തിന്റെ വില, ഗുണമേന്മ, തുടർ പരിപാലനം എന്നിവ ഉറപ്പ് വരുത്തുന്നതിനായുള്ള വാങ്ങൽ ബിൽ ലഭ്യമാക്കാതെ ഉപകരണം സ്ഥാപിക്കുകയും സാങ്കേതികമായി മാത്രം സ്റ്റോക്കിൽ ഉൾപ്പെടുത്തുകയും ചെയ്ത സെക്രട്ടറിയുടെ നടപടി ഗൗരവകരമായ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. ജനറേറ്റർ നിർദ്ദേശിച്ചത് പ്രകാരം പ്ലാറ്റ്ഫോമിൽ സ്ഥാപിച്ചിട്ടുണ്ട്.

എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും ചെക്ക് മെഷർ ചെയ്തതിനുമായി ₹14,605/- അതിനായി നിയമിച്ചിട്ടുള്ള വ്യക്തിക്കും നൽകിയിട്ടുണ്ട്. ഇത് പ്രകാരം സ്ഥാപനത്തിന് ₹3,486/-യുടെ നഷ്ടം ഉണ്ടായിരിക്കുന്നു. (₹361486-358000=3486/-) കൂടാതെ പദ്ധതി നടത്തിപ്പിൽ താഴെപറയുന്ന ഗുരുതരമായ അപാകതകൾ സംഭവിച്ചിട്ടുണ്ട്.

15 കെ.വി. ജനറേറ്റർ ഒരു പ്ലാറ്റ്ഫോമിൽ സ്ഥാപിക്കുന്ന എന്ന കാരണത്താൽ ഒരു വാങ്ങൽ പ്രവൃത്തി ഒരു മരാമത്ത് പ്രവൃത്തിയാക്കി ചെയ്തതിനാൽ വാങ്ങൽ നടപടിക്രമങ്ങൾ യാതൊന്നും പാലിക്കാതെ ജനറേറ്റർ സ്ഥാപിച്ചിരിക്കുന്നു. ജനറേറ്ററിന്റെ ബിൽ ഇല്ലാതെ കേവലം അളവ് ബുക്കിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിരിക്കുന്നു. ജനറേറ്ററിന്റെ ബില്ലും ഗ്യാരണ്ടി കാർഡും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഗ്യാരണ്ടി കാലയളവിൽ ഏതെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ കമ്പനിയുടെ സൌജന്യ സേവനം ലഭ്യമാകാത്ത സാഹചര്യവും നിലവിലുണ്ട്. ബില്ലും ഗ്യാരണ്ടി കാർഡും അടിയന്തരമായി കരസ്ഥമാക്കേണ്ടതാണ്.

കൂടിയ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചത് വഴി നഷ്ടമായ ₹3,486/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്. മേൽ അപാകതകൾ ഉള്ളതിനാൽ ചെലവഴിച്ച ബാക്കി തുകയായ ₹3,72,605/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 എൽ.ഇ.ഡി. മിനിമാസ്റ്റ് സ്ഥാപിക്കൽ - ടെണ്ടർ നടപടിക്രമങ്ങളിൽ അപാകത

| | |
|---|---|
| പ്രോജക്റ്റ് | S0162/17, എൽ. ഇ. ഡി. മിനിമാസ്റ്റ് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹10,33,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം. | 4/17-18 തീയതി. 22.08.2017 ₹3,67,438/-<br>21/17-18 തീയതി. 27.10.2017 ₹6,02,847/- |

2016-17 വർഷം ഏറ്റെടുത്ത മേൽ പദ്ധതിപ്രകാരം പഞ്ചായത്തിലെ ഏഴ് സ്ഥലങ്ങളിൽ എൽ.ഇ.ഡി. മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്യുകയും ഇതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വിളിക്കുകയും ആയതിന് 27.03.2017ൽ താഴെ പറയും പ്രകാരം ടെണ്ടർ ലഭിക്കുകയും ചെയ്തു.

1) മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ, തൃശ്ശൂർ , ₹1,15,400/unit (₹8,07,800/7 unit).

2) റിസാഫ് ലൈറ്റിംഗ് സൊല്യൂഷൻ, ഇടവെട്ടി ₹1,39,500/unit (₹9,76,500/7 unit).

ഇപ്രകാരം ടെണ്ടർ സമർപ്പിച്ചതിന് ശേഷം മെർക്കുറി ഇലക്ട്രിക്കൽ എന്ന സ്ഥാപനം 31.03.2017ൽ, ടെണ്ടർ പൊതുമരാമത്ത് സ്പെസിഫിക്കേഷൻ പ്രകാരമായതിനാൽ ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്കിൽ പ്രവൃത്തി നിർവ്വഹിക്കുവാൻ കഴിയില്ല എന്ന് ഇ-മെയിൽ മുഖാന്തരം സെക്രട്ടറിയെ അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ റിസാഫ് ലൈറ്റിംഗ് എന്ന സ്ഥാപനത്തിന് 31.03.2017ൽ തന്നെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനപ്രകാരം ടെണ്ടർ ഉറപ്പിച്ച് നൽകിയിരിക്കുന്നു. മേൽപ്പറഞ്ഞ രണ്ട് സ്ഥാപനങ്ങളുടെ നിരക്കുകൾ തമ്മിൽ നികുതി ഒഴികെ ₹1,68,700/-യുടെ വ്യതിയാനം ഉണ്ട്. പഞ്ചായത്തിന്റേതല്ലാത്ത കാരണത്താൽ ടെണ്ടർ സമർപ്പിച്ച സ്ഥാപനം പിന്മാറിയാൽ ടിയാന്റെ നഷ്ടോത്തരവാദത്തിൽ റീടെണ്ടർ നടത്താവുന്നതും ഇ.എം.ഡി. തുകയായ ₹27,000/- കണ്ടുകെട്ടാവുന്നതുമായിരുന്നു.

എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പൊതുമരാമത്ത് സ്പെസിഫിക്കേഷൻ പ്രകാരം ആയതിനാൽ ടി പ്രവൃത്തി ഏറ്റെടുക്കുന്നതിന് താല്പര്യമില്ലയെന്ന് ഇ-മെയിൽ മുഖാന്തരം മെർക്കുറി

ഇലക്ട്രിക്കൽ എന്ന സ്ഥാപനം അറിയിച്ചതിനാൽ അന്ന് തന്നെ പഞ്ചായത്ത് കമ്മിറ്റി തൊട്ടടുത്ത ടെണ്ടർ അംഗീകരിക്കുകയാണ് ഉണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിച്ചതിന് ശേഷം സമർപ്പിക്കുന്ന ടെണ്ടറുകളിൽ നിന്നും ഇപ്രകാരം ആരെങ്കിലും പിൻമാറിയാൽ ഇ.എം.ഡി. കണ്ട്കെട്ടി ടി സ്ഥാപനത്തിന്റെ നഷ്ടോത്തരവാദത്തിൽ റീടെണ്ടർ നടത്തേണ്ടതാണ് എന്നിരിക്കെ പഞ്ചായത്തിന് ₹16,87,00/- നഷ്ടം ഉണ്ടാകുന്ന തരത്തിൽ ടെണ്ടർ അംഗീകരിച്ചിരിച്ചിരിക്കുന്നു. തുടർന്ന് ഇ.എം.ഡി. തുക കണ്ട്കെട്ടാതെ ടി സ്ഥാപനത്തിന്റെ 24.07.2017ലെ അപേക്ഷ പരിഗണിച്ച് ₹27,000/- തിരിച്ച് നൽകുകയും ചെയ്തിരിക്കുന്നു.

പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം മേൽ സൂചിത ബിൽ പ്രകാരം കരാറുകാരന് നികുതികൾ ഒഴികെ ₹9,03,398/- നൽകിയിട്ടുണ്ട്. കുറഞ്ഞ ടെണ്ടർ പ്രകാരം നൽകേണ്ടിയിരുന്ന തുക ₹8,07,800/- (നികുതികൾ ഒഴികെ) ആയിരുന്നതിനാൽ ₹95,598/- അധിക ചെലവ് വന്നിരിക്കുന്നു. ഇപ്രകാരം അധികം ചെലവ് വന്നത് സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതും ഇതിന്മേൽ ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-3 ലോക പരിസ്ഥിതി ദിനാചരണം -മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി അധിക തുക ചെലവഴിച്ചു - ₹7,525/- നിരാകരണം

ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ കർമ്മ പദ്ധതി പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 10 സ്കൂളുകളിൽ വൃക്ഷത്തൈ വിതരണം ചെയ്യുന്നതിനുവേണ്ടി 17,525/- ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ (പി.എസ്) വകുപ്പ്/തിരു./തീ.19.05.2017ലെ സർക്കുലർ നം. പി.എസ്.2/249/2017/ത.സ്വ.ഭ.വ പ്രകാരം ₹10,000/- മാത്രം ചെലവഴിക്കുവാൻ അനുവാദമുള്ളപ്പോൾ ₹7,525/- അധികമായി ചെലവഴിച്ചു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 20), നല്കിയ മറുപടിയിൽ, പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും സ്കൂളുകൾ തമ്മിലുള്ള ദൂരവും മൂലം മൂന്നു ദിവസങ്ങളിലായി വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും അധികരിച്ച തുക 13/6/17ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 16-ാം നം. തീരുമാനപ്രകാരം അംഗീകരിക്കുകയും ടി തുക തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ചെയ്തു എന്നുമാണ് മറുപടി ലഭ്യമാക്കിയത്. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം ചെലവഴിച്ച തുക ₹7,525/- തുക നൽകുവാൻ തീരുമാനം കൈക്കൊണ്ട ഭരണസമിതിയിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ആശ്രയ പദ്ധതി - ഭൂമി കൈമാറ്റരഹിത കരാർ രജിസ്റ്റർ ചെയ്തിട്ടില്ല - ചെലവ് തടസ്സം ₹2,25,000/-

ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി. സാറാമ്മ സേവ്യർ, പാറക്കൽ ഇളംദേശം എന്ന ഗുണഭോക്താവിന് ₹2,00,000/- (ചെക്ക് നം. 012815 തീ. 04.05.2017) ചെലവഴിച്ച് വെള്ളിയാമറ്റം വില്ലേജിൽ 1.21 ആർ. സ്ഥലം വാങ്ങി നൽകിയിട്ടുണ്ട് (തീറാധാരം നം. : 269/2017 അറക്കുളം സബ് രജിസ്റ്റർ ഓഫീസ്). ഗുണഭോക്താവിന് വീട് നിർമ്മാണത്തിനായി ആശ്രയ പദ്ധതിയിൽ നിന്നുതന്നെ ₹25,000/- (ചെക്ക് നം. 01281, തീ. 26.05.2017)യും നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്ന ധനസഹായം ഉപയോഗിച്ച് ഗുണഭോക്താക്കൾ ഭൂമി വാങ്ങുമ്പോൾ ഭൂമിയുടെ കൈവശാവകാശം മാത്രമേ ഉള്ളുവെന്നും ഉടമസ്ഥത 12 വർഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുമെന്നും പ്രസ്തുത കാലാവധി കഴിയുമ്പോൾ മാത്രമാണ് ഉടമസ്ഥാവകാശം ലഭിക്കുന്നതെന്നും ആധാരത്തിൽ

വ്യവസ്ഥ ചെയ്യണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.06.2009ലെ 78573/ഡി.സി-1/08 നമ്പരായുള്ള സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താവിന് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയപ്പോൾ മേൽ പരാമർശിത സർക്കുലറിലെ നിർദ്ദേശം പാലിച്ചിട്ടില്ല എന്ന് കാണുന്നു. ആയതിനാൽ സ്ഥലം വാങ്ങുന്നതിനും നിർമ്മാണ പ്രവൃത്തിക്കായുമുള്ള ₹2,25,000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളുടെ ഗുണഭോക്താക്കൾ വീടും സ്ഥലവും 12 വർഷത്തേക്ക് കൈമാറ്റം ചെയ്യുകയില്ല എന്ന് സെക്രട്ടറിയുടെ പേരിൽ കരാർ വെച്ച് രജിസ്റ്റർ ചെയ്യണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.04.2014ലെ സ.ഉ(സാധാ.)1050/2014 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഗുണഭോക്താവുമായി കരാർ ചമച്ച് രജിസ്റ്റർ ചെയ്ത് (മുദ്രപത്ര ചെലവും രജിസ്ട്രേഷൻ ചെലവും തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണ്) ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഭൂമി വാങ്ങൽ പദ്ധതികളിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള വ്യക്തമായ വ്യവസ്ഥ ആധാരത്തിൽ എഴുതി ചേർക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 കമ്മ്യൂണിറ്റി ഹാളുകൾക്ക് കസേര വാങ്ങിയത് സംബന്ധിച്ച് -

| ബിൽ നമ്പർ/തീയതി | തുക ₹ |
|---|---|
| 19/17-18/27.10.2017 | 281249 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കമ്മ്യൂണിറ്റി ഹാളുകൾക്ക് കസേര വാങ്ങൽ എന്ന പദ്ധതിയിൽ ചെറുതോണിയിലുള്ള ഇടുക്കി ഹോം ഫർണിഷിംഗ് മെറ്റീരിയൽസിൽ നിന്നും നീൽകമൽ എന്ന കമ്പനിയുടെ 625 കസേര വാങ്ങിയിട്ടുണ്ട്. ഒരു കസേരയ്ക്ക് 450/- നിരക്കിൽ ആണ് വാങ്ങിയിട്ടുള്ളത്. എന്നാൽ കമ്മ്യൂണിറ്റി ഹാളുകൾക്ക് നൽകിയിട്ടുള്ള കസേരകളുടെ ഭൗതിക പരിശോധനയിൽ താഴെ പറയുന്ന കമ്മ്യൂണിറ്റി ഹാളുകൾക്ക് നൽകിയ കസേരകൾ പൂർണ്ണമായും കണ്ടെത്താനായില്ല.

| കമ്മ്യൂണിറ്റി ഹാളിന്റെ പേര് | നൽകിയ കസേരകളുടെ എണ്ണം | സ്ഥലപരിശോധനയിൽ കണ്ടെത്തിയത് (എണ്ണം) | കുറവായ കസേരകളുടെ എണ്ണം/വില |
|---|---|---|---|
| കുവക്കണ്ടം കമ്മ്യൂണിറ്റി ഹാൾ | 150 | 114 | 36<br>450x36=16200 |
| മേത്തൊട്ടി കമ്മ്യൂണിറ്റി ഹാൾ | 50 | 39 | 11<br>450x11=4950 |

പരിശോധനയിൽ കുറവായി കണ്ടെത്തിയ 50 കസേരകളുടെ വിലയായ 16200+4950 = ₹21,150/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 പ്രിന്റിംഗ് ചാർജ് - ടെണ്ടർ ക്ഷണിച്ചില്ല

| | |
|---|---|
| ബിൽ നമ്പർ/തീയതി | 26/17-18/20.11.2017 |
| തുക | ₹2,36,109/- |

| | |
|---|---|
| പ്രോജക്ട് നമ്പർ | 2/17-18 |
| വകയിരുത്തൽ | ₹3,00,000/- |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി രൂപീകരണം എന്ന പ്രോജക്ടിൽ വിവിധ പ്രിന്റിംഗ് ജോലികളുടെ ചാർജിനത്തിൽ ₹1,16,322/- തൊടുപുഴയിലുള്ള ജെമിനി ഡിജിറ്റൽ പ്രസ്സ് എന്ന സ്ഥാപനത്തിന് പ്രിന്റ് ചെയ്ത വകയിൽ നൽകിയിട്ടുണ്ട്. ആയതിന് ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് പ്രവൃത്തി ഏല്പിക്കുകയാണ് ചെയ്തത്. 08.11.2010ലെ ജി.ഒ.(പി)259/2010/ത.സ്വ.ഭ.വ മാർഗ്ഗരേഖ 2(എ) പ്രകാരം 25,000/-ത്ത് മുകളിൽ വരുന്ന എല്ലാ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിന് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാൽ ചെലവഴിച്ച ₹1,16,322/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് - പദ്ധതി ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും തുക നൽകിയത് ക്രമീകരിച്ചിട്ടില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ 01.02.2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.)409/16/തസ്വഭവ. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്രഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ ഈയിനത്തിൽ നൽകിയ താഴെ പറയുന്ന തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

തുകകൾ നൽകിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ചെക്ക് നമ്പർ/തീയതി | തുക ₹ |
|---|---|---|
| 1 | 21700819/08.03.2018 | 18500 |
| 2 | 21700820/08.03.2018 | 14850 |
| 3 | 21700821/08.03.2018 | 20000 |
| 4 | 217008922/08.03.2018 | 25000 |
| 5 | 21700877/21.03.2018 | 20509 |
| 6 | 21700897/23.03.2018 | 5000 |
| 7 | 21700898/23.03.2018 | 8500 |
| 8 | 21700899/23.03.2018 | 9250 |

| | | |
|---|---|---|
| | ആകെ | 121609 |

## 3-8 ടിഷ്യുകൾച്ചർ വാഴ തൈ വിതരണം അപാകതകൾ

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പദ്ധതി നം. | 166/2018 |
| പദ്ധതി | ടിഷ്യുകൾച്ചർ വാഴ തൈ വിതരണം |
| അടങ്കൽ | ₹210,000/- വികസനഫണ്ട് ₹2,00,000/-<br>തനത് ഫണ്ട് ₹1,00,00/- |
| ബിൽ നം./തീയതി | 3/17-18/തീ. 17.01.2018 ₹2,00,000/- |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രികൾച്ചർ ഡവലെപ്മെന്റ് ആന്റ് ഫാർമേഴ്സ് വെൽഫയർ എന്ന സ്ഥാപനത്തിൽ നിന്നും 10000 വാഴ തൈകൾ വാങ്ങുകയും ആയത് രണ്ട് ഘട്ടമായി 31.07.2018, 28.09.2018 തീയതികളിൽ കൃഷി ഓഫീസിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ടം വന്ന വാഴ തൈകൾ മുഴുവൻ വിതരണം ചെയ്തു. രണ്ടാം ഘട്ടം ലഭിച്ച വാഴ തൈകളിൽ 1800 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 3200 വാഴ തൈകൾ കൃഷി ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഒരു ഗുണഭോക്താവിന് 50 വാഴ തൈ വീതം 200 ഗുണഭോക്താക്കൾക്കായി 10,000 വാഴതൈകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ നാളിതുവരെ 136 ഗുണഭോക്താക്കൾക്കായി 6800 വാഴ തൈകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. വാഴ തൈകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 മുട്ട ഗ്രാമം പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ - ₹2,78,000/- തടസ്സം

| പദ്ധതി | വിഭാഗം | ബിൽ നമ്പർ | തുക ₹ |
|---|---|---|---|
| മുട്ട ഗ്രാമം 102/17-18 | ജനറൽ | 11/17-18 | 12000 |
| | | 28/ | 71500 |
| | | 29/17-18 | 71500 |
| മുട്ട ഗ്രാമം 103/17-18 | ടി.എസ്.പി. | 12/17-18 | 59000 |
| | | 27/17-18 | 60000 |

| | | |
|---|---|---|
| | 30/17-18 | 4000 |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മുട്ട ഗ്രാമം പദ്ധതികളിൽ ജനറൽ വിഭാഗത്തിൽ 298 പേർക്കും ടി.എസ്.പി. വിഭാഗത്തിൽ 123 പേർക്കും 10 കോഴി കുഞ്ഞുങ്ങളെ വീതം നൽകുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ, 3 വിവിധ എഗ്ഗർ നഴ്സറികളിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ ലഭിച്ചതു സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററോ, കോഴികുഞ്ഞുങ്ങളെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത് സംബന്ധിച്ച രജിസ്റ്ററോ, മറ്റ് രേഖകളോ ഒന്നും തന്നെ കാണുന്നില്ല.

ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. പഞ്ചായത്തിലെ സാധാരണക്കാരായ വളരെയധികം ആളുകൾക്ക് പ്രയോജനപ്പെടുന്ന ഇതു പോലെയുള്ള പദ്ധതികൾ, അപാകതകൾ കൂടാതെ നടപ്പാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. വിതരണ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ₹2,78,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 ആശ്രയ അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു

ആശ്രയ പദ്ധതിക്കായി നൽകുന്ന വികസന ഫണ്ട് ഇനത്തിൽ മുൻവർഷങ്ങളിൽ നൽകിയ തുക ചെലവ് നടത്താതെ സി.ഡി.എസ്. ചെയർപേഴ്സന്റെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു.

തുകയുടെ വിശദാംശം താഴെ നൽകുന്നു.

| ഇനം | നൽകിയ തുക ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|
| എസ്. റ്റി. | 400000 | - | 400000 |
| പൊതുവിഭാഗം | 1801000 | 900000 | 901000 |
| ആകെ | 2201000 | 900000 | 1301000 |

സി.ഡി.എസ്. ചെയർപേഴ്സന്റെ ബാങ്ക് അക്കൗണ്ടിൽ (ഇൻഡ്യൻ ബാങ്ക്, തൊടുപുഴ : 843736881) ₹13,01,000/- അവശേഷിക്കുന്നു. ആശ്രയ പോലുള്ള മേഖലകളിൽ പദ്ധതി പണം വിനിയോഗിക്കാതെ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത് തെറ്റായ നടപടിയാണ്. പദ്ധതി പണം വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ -പദ്ധതി നടപ്പിലാക്കിയില്ല

| | |
|---|---|
| ബിൽ നമ്പർ/തീയതി | 38/16-17/23.03.2017 |
| തുക | ₹2,96,800/- |
| നിർവ്വഹണം | സെക്രട്ടറി |

2016-17 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ എന്ന പദ്ധതിക്കായി മേൽ സൂചിത ബിൽ

പ്രകാരം ₹2,96,800/- മൂലമറ്റത്തുള്ള കെ.എസ്.ഇ.ബി.-ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

മെഡിക്കൽ ഓഫീസർ പി.എച്ച്.സി., നിർവ്വഹണ ഉദ്യോഗസ്ഥനായി മരുന്നുകൾ വാങ്ങുന്നതിലേക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

| പദ്ധതി | ബിൽ നമ്പർ | തുക ₹ |
|---|---|---|
| പൂമാല പി.എച്ച്.സി.-ക്ക് മരുന്ന വാങ്ങൽ | 4/17-18/27-10-17 | 392000 |

എന്നാൽ, നാളിതുവരെയായും ₹3,05,681/-യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി ലഭ്യമാക്കുവാനുള്ള ₹86,319/-യുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-13 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18ൽ 104 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 3 കുടുംബങ്ങളുടെ തൊഴിൽ കാർഡ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. 1496 കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിന് അപേക്ഷിക്കുകയും 1357 കാർഡുകളിലായി 53455 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. 2017-18ൽ 79 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

## 3-14 വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച്

തൻവർഷം ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ 184 ടാപ്പുകൾക്ക് 4/17 മുതൽ 3/18വരെ പ്രതിമാസം ₹80,500/- നിരക്കിൽ ₹9,66,000/- ഒടുക്കിയിട്ടുണ്ട്. 184 ടാപ്പുകളിൽ പ്രവർത്തിക്കുന്നവ എത്ര, പ്രവർത്തിക്കാത്തവ എത്ര തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011ലെ ജി.ഒ.ആർ.ടി./2242/2011/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നാളിതുവരെയും പാലിച്ചിട്ടില്ല. താമസംവിനാ സംയുക്ത പരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം

രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (പി.എച്ച്.സി., ഹോമിയോ) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 3-16 മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല

സെക്രട്ടറി, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലൊന്നും തന്നെ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടക്കുന്നില്ല.തെരുവ് വിളക്ക് സ്ഥാപിക്കൽ, സൈക്കിൾ വാങ്ങൽ, ലാപ്ടോപ്പ് വാങ്ങൽ തുടങ്ങിയ പ്രൊജക്ടുകൾ ടെണ്ടർ നടപടികളിലൂടെ നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയത് കരാറിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരണം നടത്തിയിട്ടുണ്ടോ എന്നത് മോണിട്ടറിംഗ് സമിതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും മോണിട്ടറിംഗ് സമിതിയുടെ ഇടപെടലുകൾ അനിവാര്യമാണ്. എല്ലാ സ്ററാൻഡിംഗ് കമ്മിറ്റികളുടെയും വിശിഷ്യാ വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 3-17 പാടശേഖരങ്ങളിൽ യന്ത്രവത്കരണം (ടില്ലറും കൊയ്ത്ത് യന്ത്രവും) പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പദ്ധതി നം. | 88/2018 |
| പദ്ധതി | പാടശേഖരങ്ങളിൽ യന്ത്രവത്കരണം (ടില്ലറും കൊയ്ത്ത യന്ത്രവും) |
| അടങ്കൽ | ₹2,55,510/- വികസന ഫണ്ട് ₹2,30,000/-<br>ഗുണഭോക്തൃ വിഹിതം ₹25,510/- |
| ബിൽ നം./തീയതി | 1/17-18/തീ. 10.01.2018 ₹2,29,477/- |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം കേരള അഗ്രോ മെഷിനറി കോ-ഓപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു ടില്ലർ, മെതിയന്ത്രം എന്നിവ വാങ്ങി കൊന്താലപള്ളി പാടശേഖര

സമിതിക്ക് നല്കിയിട്ടുണ്ട്. കൃഷി ഓഫീസർ ആയവ സ്റ്റോക്കിലെടുത്താണ് പാടശേഖര സമിതിക്ക് നൽകിയതെങ്കിലും എന്നാൽ പാടശേഖര സമിതി ഈ യന്ത്രങ്ങൾ സ്റ്റോക്കിലെടുക്കുകയോ, ലോഗ് ബുക്ക് സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

തന്മൂലം പ്രസ്തുത യന്ത്രങ്ങൾ നാളിതുവരെ എത്ര മണിക്കൂർ ഉപയോഗിച്ചുവെന്നോ എത്ര ലിറ്റർ ഇന്ധനം ഉപയോഗിച്ചുവെന്നോ അറിയാൻ കഴിയില്ല. ഇതു മൂലം സമയബന്ധിതമായി നടത്തേണ്ട അറ്റകുറ്റപ്പണികൾ നടക്കാതെ വരികയും യന്ത്രങ്ങൾ നശിച്ചു പോകുന്നതിനും കാരണമാകും. മുൻ വർഷങ്ങളിലെന്നോ പഞ്ചായത്ത് പാടശേഖര സമിതിക്ക് വാങ്ങി നല്കിയ ഒരു ടില്ലർ, ഒരു മെതിയന്ത്രം എന്നിവ നിലവിൽ ശ്രീ. ബിജു ഇല്ലിക്കൽ എന്ന വ്യക്തിയുടെ പുരയിടത്തിലും ഒരു ടില്ലർ ശ്രീ. ജോസ് മാത്യു കളപ്പുര എന്ന വ്യക്തിയുടെ പുരയിടത്തിലും അറ്റകുറ്റപ്പണികൾ നടത്താതെ ഉപയോഗ ശൂന്യമായ നിലയിൽ കണ്ടെത്തി. പ്രസ്തുത യന്ത്രങ്ങൾ അറ്റകുറ്റപ്പണികൾ നടത്താനോ ലേലം ചെയ്യുന്നതിനോ പഞ്ചായത്ത് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്റ്റോക്ക് ബുക്കും ലോഗ് ബുക്കും ഇല്ലാത്തതിനാൽ പ്രസ്തുത യന്ത്രങ്ങൾ എത്ര വർഷം പഴക്കമുള്ളതാണന്നോ എത്ര മണിക്കൂർ ഉപയോഗിച്ചുവെന്നോ അറിയാൻ കഴിഞ്ഞില്ല. ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് പാടശേഖര സമിതിക്ക് വാങ്ങി നൽകിയ യന്ത്രങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ, ലോഗ് ബുക്ക് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 100000 | പാലിയേറ്റീവ് പരിചരണം | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 50000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 50000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | ക്ഷീരകർ,കർക്ക് പാലിന് സബ്സിഡി | 300000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 148065 | ജവഹർ ഭവന പദ്ധതി | 148065 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 580000 | 88-ാം നമ്പർ അങ്കണവാടിക്ക് കെട്ടിട നിർമ്മാണം | 580000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല –

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

– ഇല്ല –

## 4-5 സ്ഥിരനിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹2,831/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2007-08 | 3-1 | 2831 | പി.എസ്. നടരാജൻ എച്ച്.സി. | 117010100757/13.09.2017 |

## 4-7 ചാർജ്ജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

– ഇല്ല –

ബി) സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | (രസീത് നം/ തീയതി) | തുക ₹ | | | | | | | |
| **2004-05** | 3-6 | ശ്രീ. ബിജു പി. മാത്യൂ, കൃഷി ഓഫീസർ | LF-14229/ Spl.Cell. Sc2/ 2007 dated 28.03.2009 | 19536 | രസീത് നം. 5/51083/ 03.06.10 | | | | | | |
| **2004-05** | 3-6 | ശ്രീ. റോയി ഐസക്, അസ്സി. എഞ്ചിനീയർ | LF-14229/ Spl.Cell. Sc2/ 2007 dated | 5964 | രസീതി നം 5/51083 /3.6.2010 | | | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | 28.03.2009 | | | | | | | | |
| **2008-09** | 3-4 | ശ്രീ. സജി തോമസ്, സെക്രട്ടറി | LF.23458/12 dated 06.08.2014 | 24080 | | | | | | 24080 | |
| **2009-10** | 3-6 (1,2,3)(P) | ശ്രീ. കെ. രാമചന്ദ്രൻ നായർ, എഞ്ചിനീയർ | LF.22684/14 dated 05.04.2014 | 53243 | | | | | | 53243 | |
| **2009-10** | 3-6(3) P | ശ്രീ. റോയി ഐസക്ക്, എഞ്ചിനീയർ | LF.22684/14 dated 05.04.2014 | 13361 | | | | | | 13361 | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23, വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 19 | 1999-2000 | | അലോട്ട്മെന്റ് തുക നഷ്ടപ്പെടുത്തി | |
| 1997-98 | 28 | 1999-2000 | | സാധന സാമഗ്രികളുടെ വില അധികം നൽകി | |
| 1998-99 | 3-24 | 2000-01 | | അനുവദനീയമല്ലാത്ത ഹിൽടാക്സ് അലവൻസ് നൽകിയത് | |
| 1999-2000 | 3-29 | 2001-02 | | മണൽവാരൽ അവകാശം ലേല തുകയിൽ ഇളവ് നൽകിയത് ക്രമവിരുദ്ധം | |
| 2004-05 | 3-7 | 2006-07 | 3, 35(2) | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | |
| 2004-05 | 3-3 | 2006-07 | 3, 35(2) | വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം | |
| 2005-06 | 2-3 | 2009-10 | 2-6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്ക് എടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത് (വെള്ളിയാമറ്റം പഞ്ചായത്ത് വക കടമുറികൾ) | |
| 2006-07 | 3-8 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം (കെ.എസ്.ഇ.ബി. ₹5,67,425/-) | |

| | | | | | |
|---|---|---|---|---|---|
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(8) | 2004-05ൽ ₹2,03,922/- ചെലവഴിച്ച് വിവിധ സ്ഥാപനങ്ങളിലായി സ്ഥാപിച്ച മഴവെള്ള സംഭരണികൾ പ്രവർത്തനക്ഷമമല്ല | |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(11) | 1. ഇറുക്കപാലം കുടിവെള്ള പദ്ധതിയുടെ മോട്ടോർ പ്രവർത്തിക്കുന്നില്ല. കടുവാക്കയം കുടിവെള്ള പദ്ധതി ജലലഭ്യത കുറവായതിനാൽ 2001-02 മുതൽ പ്രവർത്തിക്കുന്നില്ല. 2001-02ൽ പൂർത്തികരിച്ച കൈക്കമല പദ്ധതി പ്രവർത്തനരഹിതമാണ്<br>2. ചുവക്കണ്ടം-അറുത്തടി പാലം കുടിവെള്ള പദ്ധതിയും ഓന്തുപാറ – ഊഞ്ഞാൽപടി പദ്ധതിയും പൂർത്തിയായിട്ടില്ല<br>3. മുത്തേട്-പതിക്കമല കുടിവെള്ള കിണർപൂർത്തിയായിട്ടില്ല | |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(2) | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല | |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(13) | കുടിവെള്ള പദ്ധതികളുടെ ചുമതല കരാർ ചമച്ച് കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹7,21,22,714 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹8,14,68,897 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 800 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹11,011 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1,01,33,077 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 800 | - | ശ്രീ. അബ്ദുൾ സമദ്, സെക്രട്ടറി |
| 3-1 | - | 3486 | ശ്രീ. അബ്ദുൾ സമദ്, സെക്രട്ടറി |
| 3-3 | - | 475 | ശ്രീ. അബ്ദുൾ സമദ്, സെക്രട്ടറി |
| | - | 470 | ശ്രീ. വി. ജി. മോഹനൻ, വൈസ് പ്രസിഡന്റ് |
| | - | 470 | ശ്രീമതി. അഞ്ജു സി.ജി, മെമ്പർ |
| | - | 470 | ശ്രീമതി. ഷെമീന അബ്ദുൾ കരീം, മെമ്പർ |
| | - | 470 | ശ്രീ. രാജു കുട്ടപ്പൻ, മെമ്പർ |
| | - | 470 | ശ്രീമതി. തങ്കമ്മ രാജൻ, മെമ്പർ |
| | - | 470 | ശ്രീമതി. അക്കാമ്മ, മെമ്പർ |
| | - | 470 | ശ്രീമതി. ലളിതമ്മ, മെമ്പർ |
| | - | 470 | ശ്രീ. മോഹൻദാസ്, മെമ്പർ |
| | - | 470 | ശ്രീ. രാഘവൻ കണ്ട, മെമ്പർ |
| | - | 470 | ശ്രീ. പ്രമോദ് എസ്., മെമ്പർ |
| | - | 470 | ശ്രീമതി. സുധ ജോണി, മെമ്പർ |
| | - | 470 | ശ്രീ. അനൂപ്കുമാർ എ. കെ., മെമ്പർ |
| | - | 470 | ശ്രീമതി. ടെസി മോൾ മാത്യു, മെമ്പർ |

| | | | |
|---|---|---|---|
| | - | 470 | ശ്രീമതി. ലാലി ജോബി, മെമ്പർ |
| | - | 470 | ശ്രീമതി. ഷീബ രാജശേഖരൻ, പ്രസിഡണ്ട് |

-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 372605 | ശ്രീ. അബ്ദുൾ സമദ്, സെക്രട്ടറി |
| 3-4 | 225000 | - ടി - |
| 3-5 | 21150 | - ടി - |
| 3-6 | 116322 | - ടി - |
| 3-9 | 278000 | ഡോ. രാഹുൽ, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക. 3-1, 3-2, 3-5, 3-9

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അബ്ദുൾ സമദ് സെക്രട്ടറി | സെക്രട്ടറി വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | ശ്രീ. അബ്ദുൾസമദ്, പഴേരിയിൽ, ഇടവെട്ടി പി. ഒ. തൊടുപുഴ, ഇടുക്കി |
| ശ്രീ. പി. ജി. മോഹനൻ വൈസ് പ്രസിഡന്റ് | വൈസ് പ്രസിഡണ്ട് വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | വെങ്ങോലയിൽ ഇളംദേശം പി.ഒ. ഇളംദേശം |
| ശ്രീമതി. അഞ്ജു സി.ജി മെമ്പർ | മെമ്പർ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | തോമ്പിക്കോട്ട് ഇളംദേശം പി.ഒ. ഇളംദേശം |
| ശ്രീമതി. ഷെമീന അബ്ദുൾ കരീം | മെമ്പർ | അങ്കംപറമ്പിൽ |

| | | |
|---|---|---|
| മെമ്പർ | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | പന്നിമറ്റം പി.ഒ.<br>ഇറുക്കുപാലം |
| ശ്രീ. രാജു കുട്ടപ്പൻ<br>മെമ്പർ | മെമ്പർ<br>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | മരുതനാടിയിൽ<br>പന്നിമറ്റം.<br>പി.കുവക്കണ്ടംഒ.<br>പന്നിമറ്റം |
| ശ്രീമതി. തങ്കമ്മ രാജൻ<br>മെമ്പർ | മെമ്പർ<br>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | പത്താഴക്കല്ലിൽ<br>കുവക്കണ്ടം പി.ഒ.<br>കോഴിപ്പള്ളി |
| ശ്രീമതി. അക്കാമ്മ<br>മെമ്പർ | മെമ്പർ<br>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | മൂക്കൻതോട്ടത്തിൽ<br>കുവക്കണ്ടം പി.ഒ.<br>മേത്തൊട്ടി |
| ശ്രീമതി. ലളിതമ്മ<br>മെമ്പർ | മെമ്പർ<br>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | പാച്ചേരിൽ<br>കുവക്കണ്ടം പി.ഒ.<br>പൂമാല |
| ശ്രീ. മോഹൻദാസ്<br>മെമ്പർ | മെമ്പർ<br>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | പുതുശ്ശേരിൽ<br>കുവക്കണ്ടം പി.ഒ.<br>പൂമാല |
| ശ്രീ. രാഘവൻ കണ്ട<br>മെമ്പർ | മെമ്പർ<br>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | കരിപ്പുള്ളിൽ<br>കുവക്കണ്ടം പി.ഒ.<br>നാളിയാനി |
| ശ്രീ. പ്രമോദ് എസ്.<br>മെമ്പർ | മെമ്പർ<br>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | പാടത്തിൽ<br>ദേവരുപാറ പി.ഒ.<br>കൊളപ്ര |
| ശ്രീമതി. സുധ ജോണി<br>മെമ്പർ | മെമ്പർ<br>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | കൊച്ചുപുരയ്ക്കൽ<br>ദേവരുപാറ പി.ഒ.<br>പൂച്ചപ്ര |
| ശ്രീ. അനൂപ്കുമാർ എ. കെ.<br>മെമ്പർ | മെമ്പർ<br>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | എലികണ്ടയിൽ<br>വെള്ളിയാമറ്റം പി.ഒ.<br>വെള്ളിയാമറ്റം |
| ശ്രീമതി. ടെസി മോൾ മാത്യു<br>മെമ്പർ | മെമ്പർ<br>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | കുറ്റിയാനിക്കൽ<br>വെള്ളിയാമറ്റം പി.ഒ.<br>വെള്ളിയാമറ്റം |
| ശ്രീമതി. ലാലി ജോബി | മെമ്പർ | മേളാച്ചേരിൽ |

| | | |
|---|---|---|
| മെമ്പർ | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | കലയന്താനി പി.ഒ.<br>വെട്ടിമറ്റം |
| ശ്രീമതി. ഷീബ രാജശേഖരൻ<br>പ്രസിഡണ്ട് | പ്രസിഡണ്ട്<br>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | ശ്രീമന്ദിരം<br>ഇളംദേശം പി.ഒ.<br>ഇളംദേശം |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കിയ ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1994-05<br>1995-96 | എൽ.എഫ്.ഐ.7-758/00<br>/13.03.2001 | 14 | 13,14,15,16,17,<br>18,19,20,21,22,<br>23,24,25,26 |
| 1996-97 | എൽ.എഫ്.ഐ.7-159/99<br>/17.08.1999 | 8 | 32,34,36,37,38,<br>39(2),39(3),39(4) |
| 1997-98 | എൽ.എഫ്.ഐ.7-113/01/05.02.2001 | 2 | 19, 28 |
| 1998-99 | എൽ.എഫ്.ഐ.7-302/00<br>/10.06.2002 | 14 | 20(1),20(2),2(എ),<br>2(ബി),2(സി)22,<br>23,<br>24,25,26,27,<br>28,29,30 |
| 1999-00 | എൽ.എഫ്.ഐ.7-130/01<br>/08.10.2007 | 13 | 23,24,25,26,27,28,<br>29,30,31,32,33,34,35 |
| 2000-01 | കെ.എസ്.എ.-ഐ.ഡി.കെ.-<br>10/746/ 08/06.06.2018 | 1 | 36 |
| 2004-05 | കെ.എസ്.എ.-ഐ.ഡി.കെ.-<br>10/746/ 08/06.06.2018 | 2 | 3-3, 3-7 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ-10/746/<br>2018/06.06.2018 | 1 | 2-3 |
| 2006-07 | എൽ.എഫ്.ഐ.8-792/09<br>/15.03.2010 | 13 | 2-1,2-2,2-3,2-4<br>3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8,3-9,<br>3-10,3-11,3-12<br>3-13,3-14, 3-15 |
| 2007-08 | എൽ.എഫ്.ഐ.8-824/10<br>/19.02.2010 | 19 | 2-1, 2-2,<br>3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8,3-9,<br>3-10,3-11,3-12<br>3-13,3-14, 3-15 |
| 2008-09 | എൽ.എഫ്.ഐ.10-411(എ)/19.10.2011 | 12 | 2-1<br>3-1,3-2,3-3,<br>3-4,3-5,3-6,3-7, |

| | | | |
|---|---|---|---|
| | | | 3-8,3-9,3-10 |
| 2009-10 | എൽ.എഫ്.ഐ.10-411(ബി)<br>25.10.2011 | 19 | 2-1, 2-2,<br>3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8,3-9,<br>3-10,3-11,3-12<br>3-13,3-14,3-15,<br>3-16, 3-17 |
| 2010-11 | എൽ.എഫ്.ഐ.10-624/13/<br>26.08.2013/16.12.2013 | 16 | 2-1, 2-2, 2-3,<br>3-1, 3-2,3-3,3-4,<br>3-5,3-6,3-7,3-8,3-9,<br>3-10,3-11,3-12, 3-13 |
| 2011-12 | എൽ.എഫ്.ഐ.10-56/14/<br>30.04.2014/10.06.2014 | 11 | 2-1<br>3-1,3-2,3-3,<br>3-4,3-5,3-6,3-7,<br>3-8,3-9,3-10 |
| 2012-13 | എൽ.എഫ്.ഐ.10-40/15/<br>05.02.2015/09.04.2015 | 15 | 2-1<br>3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8,<br>3-9,3-10,3-11,<br>3-12,3-13, 3-14 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ.-10/1257/<br>2015/06.11.2015 | 9 | 2-1, 2-2,<br>3-1,3-2,3-3,3-4,<br>3-5,3-6,3-7 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.10/583/<br>2016/01.06.2015 | 10 | 2-1, 2-2,<br>3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.10/67/<br>2017/18.01.2017 | 14 | 2-2, 3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8,3-9,<br>3-10,3-11,3-12,3-13 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.10/1434/<br>2017/03.11.2017 | | 2-1, 2-2, 2-4, 2-6<br>3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8,3-9,<br>3-10,3-11,3-12 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ-10/1252/2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Ph:04862-227332
*E-mail : doidk.ksad@kerala.gov.in*
തീയതി: 31.11.2018

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി